# മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം

## തിരുവനന്തപുരം

വിഷയം :- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം -എറണാകുളം ജില്ല - ആവോലി ഗ്രാമപഞ്ചായത്ത് - മൂവാറ്റുപുഴ വില്ലേജ് - **പെട്രോൾ പമ്പ് നിർമ്മാണം -** ലേ-ഔട്ട് അംഗീകാരം - നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ആവോലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03/06/2019 ലെ സി1-1653/2019 നമ്പർ കത്ത്.

2. എറണാകുളം സീനിയർ ടൗൺ പ്ലാനറുടെ 14/08/2019 ലെ സി/1443/19 കെ.ഡിസ് നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/2168/2019 -C3** തീയതി: **15/10/2019**

---

എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മൂവാറ്റുപുഴ വില്ലേജിൽ സർവ്വേ നമ്പർ 59/7-4- ൽ ഉൾപ്പെട്ട ശ്രീ. ലിയോപോളിന്റെ ഉടമസ്ഥതയിലുള്ള 4163 ച.മീ. സ്ഥലത്ത് ഒരു വീടും (274 ച.മീ), ഒരു ഓഡിറ്റോറിയവും (526.5 ച.മീ) നിലവിലുള്ളിടത്ത് നിന്നും 900. ച.മീ. സ്ഥലം വേർതിരിച്ച് Sales building(34.98 ച.മീ), Canopy(204 ച.മീ) ഉൾപ്പെടെ 238.98 ച.മീ വിസ്തൃതിയുള്ള HPCL -ന്റെ **പെട്രോൾ പമ്പ്** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീ. ലിയോ പോൾ,** നെല്ലിപ്പിള്ളിൽ, മൂവാറ്റുപുഴ - യുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. കെ.പി.ബി.ആർ. 2011 ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. നിർദ്ദിഷ്ട നിർമ്മാണം ഉദ്ദേശിക്കുന്ന സ്ഥലത്ത് പുറമ്പോക്ക് ഉൾപ്പെട്ടിട്ടില്ലെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
2. നിർദ്ദിഷ്ട നിർമ്മാണം KMBR 2011 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റു നിയമങ്ങൾക്കും പൂർണ്ണമായും വിധേയമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
3. ഫയർഫോഴ്സ് തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എൻ .ഒ.സി ലഭ്യമാക്കിയിരിക്കണം.
4. എർത്ത് കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി

നേടിയിരിക്കണം.

5. ഖര മാലിന്യ സംസ്കരണം/ഉപരിതല ജലനിർഗ്ഗമനം എന്നിവയ്ക്കുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പരിസരമലിനീകരണം ഉണ്ടാകുന്നില്ലെന്നും സെക്രട്ടറി ഉറപ്പ് വരുത്തണം.
6. നിർദ്ദിഷ്ട സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് / നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2008 ലെ കേരള നെൽവയൽ തണ്ണീർത്തട നിയമം, അനുബന്ധ ഗവൺമെന്റ് സർക്കുലർ, KLU order 1967 എന്നിവ ബാധകമാകുന്ന പക്ഷം ആയവയ്ക്ക് അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
7. ആവശ്യമായ സാനിറ്ററി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും , കെ.പി.ബി. ആർ 2011 ചട്ടം 61 (16) പ്രകാരം Liquid Waste Management Treatment Plant ഉം ചട്ടം 61 (17) പ്രകാരം ടി കെട്ടിടത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന Waste Water, recycle ചെയ്ത് reuse ചെയ്യുന്നതിലുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തണം.
8. കെ.പി.ബി. ആർ 2011 പ്രകാരം സെക്രട്ടറി അപേക്ഷയിന്മേൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിന് ശേഷം മാത്രമേ അപേക്ഷ നിർമ്മാണാനുമതിയ്ക്കായി പരിഗണിക്കാവൂ.
9. ജില്ലാ കളക്ടറുടെ NOC ലഭ്യമാക്കിയിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ **110/2019** ഇതോടൊപ്പം ഉളളടക്കം ചെയ്യുന്നു</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

**ജയശ്രീ. പി. ആർ.**
ടൗൺ പ്ലാനർ

**സെക്രട്ടറി,**
ആവോലി ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്:-</u>

1. ശ്രീ. ലിയോ പോൾ, നെല്ലിപ്പിള്ളിൽ, മൂവാറ്റുപുഴ
2. സീനിയർ ടൗൺ പ്ലാനർ, എറണാകുളം 3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം